# വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 20 No. 04 | PUBLISHED FROM DELHI | PRICE Rs. 3/- | APRIL 2016

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 22–ാം ജനറൽ കൺവൻഷൻ സമാപിച്ചു

**അടൂർ:–** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 22–ാമത് ജനറൽ കൺവൻഷൻ സമാപിച്ചു. 2016 മാർച്ച് 3 മുതൽ 6 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന കൺവൻഷൻ സഭാപ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. ദൈവസഭയും ദൈവജനവും പുതുക്കത്തിന്റെ അനുഭവത്തിലേക്ക് മടങ്ങി വരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. രക്ഷണ്യപ്രവർത്തനത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ നടത്തുന്ന ചുവടുവയ്പുകളെ അനുഗ്രഹിക്കുന്ന ദൈവത്തിന് അദ്ദേഹം നന്ദി അർപ്പിച്ചു. ഒന്നാം ദിനം പാസ്റ്റർ അജി ആന്റണി, രണ്ടാം ദിനം സുവി. ജോൺ സാമുവൽ മണക്കാല, മൂന്നാം ദിനം പാസ്റ്റർ എബി ഏബ്രഹാം എന്നിവർ രാത്രി യോഗങ്ങളിൽ ദൈവവചനം പങ്കുവെച്ചു.

വെള്ളിയാഴ്ച പകൽ 10.30 മുതൽ ശുശ്രൂഷകൻമാരുടെ സമ്മേളനം നടന്നു. പാസ്റ്റർ സാം വില്യം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ പോൾസൺ സ്റ്റീഫൻ (എറണാകുളം) സുവിശേഷകന്മാരും സുവിശേഷ വേലയും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. നെഹമ്യാവ് 4:19 എന്നവാക്യത്തെ കേന്ദ്രീകരിച്ച് സുവിശേഷ വേല വലിയതും വിശാലവുമാണെന്നും പരസ്പരം ചിതറിയിരിക്കുന്ന സുവിശേഷകന്മാർ സുവിശേഷ വേലയ്ക്ക് വെല്ലുവിളിയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ആത്മഭാരമുള്ളവരാകണം സുവിശേഷകരെന്നും അങ്ങനെയുള്ളവരുടെ ജീവിതഭാരവും പാപഭാരവും ദൈവം നീക്കുമെന്നും സുവിശേഷ വേലയിൽ സഭയ്ക്കുള്ള നിയോഗം നടപ്പിലാക്കാൻ ആത്മസമർപ്പണമുള്ള സുവിശേഷകരാണ് ആവശ്യം എന്നും അദ്ദേഹം കൂട്ടിച്ചേർ

(ശേഷം രണ്ടാം പേജിൽ)



പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ പാസ്റ്റർമാരായ സുമേഷ് പി. ലാസർ, എബി ജോർജ്, വി.എം. ഏബ്രഹാം,തുടങ്ങിയവർ.

## സകലത്തേയും പുതുതാക്കുന്നത് ദൈവം: പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:–** ദൈവജനം ഒരു പുതുക്കത്തിന്റെ അനുഭവത്തിലേക്ക് കടന്ന് വരണമെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി ആഹ്വാനം ചെയ്തു. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 22–ാമത് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യേശുവിന്റെ രക്ഷണ്യദൗത്യത്തിന്റെ പിൻതുടർച്ചയ്ക്കായി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ നടത്തിയ ചെറിയ ചുവടുവെയ്പിനെ അനുഗ്രഹിച്ച ദൈവത്തിന് നന്ദിയർപ്പിച്ച് കൊണ്ട് ആരംഭിച്ച പ്രഭാഷണത്തിൽ വടക്കേ

(ശേഷം രണ്ടാം പേജിൽ)

## ജയം നൽകുന്നത് യേശുവിന്റെ രക്തം: പാസ്റ്റർ അജി ആന്റണി

**അടൂർ:–** ദൈവസഭ യേശുവിന്റെ രക്തത്തിന്റെ വിലയാണെന്നും, ദൈവജനത്തിന്റെ സംരക്ഷണവും, അധികാരവും, മുദ്രയും യേശുവിന്റെ രക്തമാണെന്നും പാസ്റ്റർ അജി ആന്റണി പ്രസ്താവിച്ചു. . എബ്രായർ 12:18,24 വചനഭാഗങ്ങൾ ആസ്പദമാക്കി "യേശുവിന്റെ രക്തം നമുക്ക് ജയം നൽകുന്നു" എന്ന വിഷയത്തെ വിശദമാക്കുകയായിരുന്നു അദ്ദേഹം. ജനറൽ കൺവൻഷന്റെ പ്രഥമരാത്രിയിൽ വചനഘോഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ന് പ്രസംഗവേദിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ആത്മീയ പ്രമേയങ്ങളിലേക്ക് ദൈവജനം ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. കേരളാ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്ജ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

## ദൈവസഭയുടെ സൗന്ദര്യം ജഡീകമല്ല ആത്മീകമാണ്: സുവി. ജോൺ ശാമുവൽ

**അടൂർ:–** ദൈവസഭയുടെ സൗന്ദര്യത്തെ തെറ്റായി വ്യാഖ്യാനിക്കുന്നത് മൂലം ആത്മികമൂല്യച്യുതി സംഭവിക്കുന്നുവെന്ന് സുവിശേഷകൻ ജോൺ ശാമുവേൽ മണക്കാല പ്രസ്താവിച്ചു. ജനറൽ കൺവൻഷന്റെ രണ്ടാമത്തെ രാത്രിയിൽ ഉൽപ്പത്തി 24:58 നെ ആസ്പദമാക്കി ആത്മിക സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. റിബേക്ക അവളുടെ പ്രതിശ്രുത വരനായ യിസഹാക്കിന്റെ അരികിലേക്ക് പോകുവാൻ ബദ്ധപ്പെട്ടത് പോലെ കർത്താവിന്റെ പുനരാഗമനത്തിനായി ദൈവസഭ ഒരുങ്ങുവാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. റിബേക്കയെ യിസഹാക്കിന്റെ അരികിലെത്തിക്കുവാൻ അബ്രഹാമിന്റെ ദാസൻ സഹായിയായിരുന്നതു പോലെ പരിശുദ്ധാത്മാവ് ദൈവസഭയുടെ സഹായകനായി നമ്മെ നിയന്ത്രിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു. കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. എബ്രഹാം യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 8–ാമത് ബിരുദദാനം നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ എട്ടാമത് ബിരുദദാന ശുശ്രൂഷ 2016 മാർച്ച് 5ന് ശനിയാഴ്ച രാവിലെ 10.30ന് അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടന്നു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 15 വിദ്യാർത്ഥികൾക്ക് 8–ാമത് ഗ്രാജുവേഷനിൽ ബിരുദം ലഭിച്ചു. അനുരഞ്ജനം എന്ന ചിന്താവിഷയം ആസ്പദമാക്കി നടത്തപ്പെട്ട പ്രസ്തുത സമ്മേളനം ബിരുദദാരികളുടെ വർണ്ണശബളമായ പ്രവേശനത്തോടെ ആരംഭിച്ചു. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിച്ചു. കോളജ് ചാപ്ളൈൻ പാസ്റ്റർ മനോജ് തമ്പി തിരുവചനഭാഗം വായിക്കുകയും അധ്യാപകൻ പാസ്റ്റർ ജയപ്രകാശ് സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

കോളജിന്റെ പ്രവർത്തനങ്ങളെ ദൈവം പരിപാലിച്ചതിനെ ഓർത്തുള്ള നന്ദി ഡയറക്ടറുടെ സന്ദേശത്തിൽ പാസ്റ്റർ എം. സാമുവൽകുട്ടി അറിയിച്ചു. വേദ വിദ്യാർത്ഥിനിയായ സിസ്റ്റർ നിർമ്മല രാജൻ ശ്രുതിമധുരമായ ഒരു ഹിന്ദി ഗാനം ആലപിച്ചു. ബിരുധദാന വിദ്യാർത്ഥികളുടെ പ്രതിനിധിയായി ബ്രദർ സ്റ്റാൻലി ജോൺ പ്രാരംഭമായി തിരുവചന സന്ദേശം നൽകി.

ഡോ. ജോൺ ജോസഫ് തിരുവനന്തപുരം തിരുവചനത്തിൽ നിന്നും മുഖ്യസന്ദേശം നൽകി. വിളിച്ച ദൈവത്തെ അറിയുവാനും, വിളിച്ച ദൈവത്തിന്റെ ഹൃദയത്തിന്റെയും മനസ്സിന്റേയും തന്റെ വഴിയുടേയും പ്രതിനിധിയായിരിക്കുവാനും അവന്റെ സന്ദേശം അറിഞ്ഞ് സകലരോടുമുള്ള അനുരഞ്ജനത്തിന്റെ ശുശ്രൂഷയിൽ മുന്നേറുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി ഗ്രാജുവേറ്റ്സിന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അദ്ദേഹത്തോടോപ്പം പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്, കോളജ് ഡയറക്ടർ ബോർഡ് മെമ്പറും അധ്യാപകനുമായ ഇവാ. സാംസൺ സാമുവൽ, കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ എന്നിവരും ബിരുദം നൽകുന്ന ശുശ്രൂഷയിൽ പങ്കാളികളായി. പഠനത്തിൽ ഉന്നത നിലവാരം പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകൾ ഡോ. ജോൺ ജോസഫ് വിതരണം ചെയ്തു. പാസ്റ്റർ എം. സാമുവൽകുട്ടി

(ശേഷം നാലാം പേജിൽ)



ബിരുദദാന ചടങ്ങിൽ റവ.ഡോ. ജോൺ ജോസഫ് മുഖ്യസന്ദേശം നൽകുന്നു.

## വിലയേറിയതും മഹത്തരവുമായ ദൈവീകവാഗ്ദത്തങ്ങൾപ്രാപിക്കൂ: പാസ്റ്റർ എബി ഏബ്രഹാം

**അടൂർ:–** ക്രിസ്തുവിന്റെ സാന്നിദ്ധ്യവും, ക്രിസ്തുവിന്റെ ശക്തിയും, ക്രിസ്തുവിനോട് കൂടെയുള്ള വാസവുമാണ് പുതിയനിയമ സഭയുടെ ശ്രേഷ്ഠമായ വാഗ്ദത്തങ്ങളെന്ന് പാസ്റ്റർ എബി എബ്രഹാം. ഞാനാകുന്നവൻ ഞാനാകുന്നു എന്ന പ്രസ്താവനയിലൂടെ തന്റെ പരമാധികാരം വെളിപ്പെടുത്തിയ ക്രിസ്തു ശത്രുക്കളെ അമ്പരപ്പിക്കുകയും ഭയമുള്ളവരാക്കി മാറ്റുകയും ചെയ്തുവെന്നും അദ്ദേഹം പ്രസ്താവിച്ചു. ജനറൽ കൺവൻഷന്റെ സമാപനരാത്രിയിൽ സന്ദേശം നൽകുകയായിരുന്നു പാസ്റ്റർ എബി എബ്രഹാം. ഏറ്റവുമടുത്ത നിമിഷത്തിൽ ക്രിസ്തുവിന്റെ പുനരാഗമനം നടക്കുമെന്നും, ക്രിസ്തുവിനോട് ചേർന്നുള്ള വാസമാണ് വിലയേറിയ വാഗ്ദത്തമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡൽഹി റീജൻ കിംഗ്സ് വേ ക്യാമ്പ് സഭാ ശുശ്രൂഷകൻ പാസ്റ്റർ ബിനു ജോൺ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

**കൺവൻഷൻ വാർത്തകൾ റിപ്പോർട്ട് ചെയ്തത്:**
പാസ്റ്റർ മനോജ് തമ്പി, പാസ്റ്റർ ബിനു ജോൺ, പാസ്റ്റർ എബി ജോർജ്ജ്

പത്രാധിപ ലേഖനം.......

# ആത്മിയ ഐക്യത



ഇന്നത്തെ ഏറ്റവും അടിയന്തിരമായ ആവശ്യം ആത്മീയ ഐക്യതയാണ്. കാരണം ഈ കാലഘട്ടത്തിൽ ദൈവമക്കൾ എന്ന് പേർ പറയപ്പെട്ടവർ എല്ലായിപ്പോഴും ഒന്നിച്ച് പോകുന്നില്ല എന്നതാണ് വേദനാജനകമായ സത്യം. പ്രത്യാശയിലും വിശുദ്ധിയിലും നടക്കുന്നവർക്ക് ഐക്യതയിലും നടക്കാൻ കഴിയുമെന്ന് ചിന്തിച്ചേക്കാം. പക്ഷെ അത് എല്ലായ്പ്പോഴും സത്യമാവണമെന്നില്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു ശരീരമേ ഉള്ളൂ. എന്നാൽ നമുക്ക് ദർശിക്കാൻ കഴിയുന്നത് വിഭജിക്കപ്പെട്ടതും തമ്മിലടിക്കുന്നതുമായ ഒരു സഭയെയാണ്. ഇവിടെയാണ് ആത്മീയ ഐക്യതയുടെ പ്രസക്തി. ജീവനുള്ള പ്രത്യാശയുടെ ലേഖനം എന്ന വിശേഷണം നൽകപ്പെട്ടിരിക്കുന്ന പത്രൊസിന്റെ ഒന്നാം ലേഖനത്തിൽ സഭയുടെ നാല് വ്യത്യസ്ത ചിത്രങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് പത്രൊസ് ആത്മിക ഐക്യതയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നത്.

ഒന്നാമതായി, 1:22 മുതൽ 2:3 വരെയുള്ള വാക്യങ്ങൾ പരിശോധിക്കുമ്പോൾ നാം ഒരേ കുടുംബത്തിലെ മക്കളാണ് എന്നത് വെളിപ്പെടുന്നു. ദൈവമക്കളുടെ ഇടയിൽ ഐക്യത ഉളവാക്കുവാനും നിലനിർത്തുവാനും ഇത് വലിയ പ്രചോദനമാണ്. നാം ഒരേ ജനനം പ്രാപിച്ചവരാണ്. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ആത്മീക ജനനം പ്രാപിക്കുക എന്നതാണ് ദൈവകുടുംബത്തിൽ അംഗമാകുവാനുള്ള ഏകയോഗ്യത. ശാരീരികജനനത്തിൽ മാതാപിതാക്കൾക്കുള്ള പങ്കുപോലെ ആത്മീക ജനനത്തിലും രണ്ട് പേരുടെ പങ്കാളിത്വമുണ്ട്; ദൈവാത്മാവിന്റെയും ദൈവവചനത്തിന്റെയും. പുതുജനനം, നമുക്ക് പുതിയതും ജീവനുള്ളതുമായ പ്രത്യാശയ്ക്കൊപ്പം പുതിയൊരു പ്രകൃതിയും പ്രദാനം ചെയ്യുന്നു. നമ്മുടെ ആദ്യജനനം നശിച്ചുപോകുന്ന ജഡത്തിൽ നിന്നുള്ളതായിരുന്നു. ജഡത്താൽ ജനിക്കുന്നതൊക്കെയും മരണത്തിനും ദ്രവത്വത്തിനും വിധിക്കപ്പെട്ടവയാണ്. ഇക്കാരണത്താലാണ് മനുഷ്യൻ കെട്ടിപ്പൊക്കുന്ന സംസ്കാരങ്ങൾ നിലനിൽക്കാതെ പോകുന്നത്. അവയെല്ലാം മനുഷ്യജഡത്തോട് ബന്ധപ്പെട്ടവയും നാശോൻമുഖവുമത്രെ. ആദ്യജനനത്തിന്റെ അടിസ്ഥാനത്തിൽ നാം സഭകളിൽ ഐക്യത ഉണ്ടാക്കുവാൻ ശ്രമിച്ചാൽ നിശ്ചയമായും പരാജയപ്പെടും. എന്നാൽ പുതുജനനത്തിന്റെ അടിസ്ഥാനത്തിൽ നാം പരിശ്രമിച്ചാൽ വിജയിക്കുക തന്നെ ചെയ്യും. നാം ഒരേ സുവിശേഷം വിശ്വസിച്ചവരും ഒരേ ആത്മാവിനാൽ ജനിച്ചവരുമാണ്. നമ്മെ ഒന്നിപ്പിക്കുന്ന ആന്തരിക യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ നമ്മെ അകറ്റുന്ന ബാഹ്യമായ വസ്തുതകൾ ഒന്നുമില്ല.

നാം ഒരേ സ്നേഹം പ്രദർശിപ്പിക്കേണ്ടവരാണ്. സ്നേഹത്തിന് ഫിലദൽഫിയ (സഹോദര സ്നേഹം), അഗപ്പെ( ദൈവദർശനവും ത്യാഗപൂർവ്വവുമായ സ്നേഹം) എന്നീ രണ്ട് പദങ്ങളാണ് പത്രൊസ് ഉപയോഗിച്ചിരിക്കുന്നത്. ഈ രണ്ട് സ്നേഹവും നാം പങ്കുവയ്ക്കണം. സഹോദരസ്നേഹം പങ്കിടുന്നത് ക്രിസ്തുവിൽ നാം സഹോദരി സഹോദരന്മാരായതു കൊണ്ടാണ്. അഗപ്പെ സ്നേഹം പങ്കുവയ്ക്കുന്നതിന്റെ കാരണം നാം ദൈവത്തിന്റെ വകയാണെന്നും ആയതിനാൽ വ്യത്യാസങ്ങളെ കണക്കിടുന്നില്ല എന്നുള്ളതാണ്. മനുഷ്യൻ സ്നേഹം ഉല്പാദിപ്പിക്കുവാൻ ശ്രമിക്കുന്നത് ദുഃഖകരമാണ്. കാരണം ആ ഉല്പന്നം വില കുറഞ്ഞതും കൃത്രിമവും ആയിരിക്കും. നാം പരസ്പരം പങ്കുവയ്ക്കുന്നതും നഷ്ടപ്പെട്ട ലോകത്തിന് നൽകുന്നതുമായ സ്നേഹം ദൈവത്തിന്റെ ആത്മാവ് പ്രദാനം ചെയ്യുന്നതായിരിക്കണം.

നാം ഒരേ ആഹാരം കഴിക്കുന്നവരാണ്. ദൈവവചനത്തിന് ജീവനുണ്ട്. അത് ജീവൻ നൽകുന്നു, ജീവനെ പരിപോഷിപ്പിക്കുന്നു. പുതുതായി ജനിച്ച ശിശുക്കളെപ്പോലെ നമുക്ക് ദൈവവചനത്തിനായുള്ള വിശപ്പ് ഉണ്ടായിരിക്കണം. പരിശുദ്ധമായ, മായം ചേർക്കാത്ത വചനമാണ് നാം ആഗ്രഹിക്കേണ്ടത്. കാരണം അതുമാത്രമേ നമ്മുടെ വളർച്ചയെ സഹായിക്കുകയുള്ളു. ശരിയായ വിശപ്പും ആത്മീയ വളർച്ചയും ഉണ്ടാകുന്നതിനെ തടസ്സപ്പെടുത്തുന്ന ഹൃദയത്തിലെ തെറ്റായ മനോഭാവങ്ങളെ ഉപേക്ഷിക്കുവാൻ പത്രൊസ് നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

രണ്ടാമതായി 2-ാം അദ്ധ്യായം 4 മുതൽ 8വരെയുള്ള വാക്യങ്ങളിൽ നാം ഒരേ കെട്ടിടത്തിന്റെ കല്ലുകളാണെന്ന് പഠിപ്പിച്ചിരിക്കുന്നു. ഒരു രക്ഷിതാവേ ഉള്ളൂ... അത് ക്രിസ്തുവാണ്. ഒരേഒരു ആത്മീയഗ്രഹമേ ഉള്ളൂ... അത് സഭയാണ്. കെട്ടിടത്തെ മുഴുവൻ സംയോജിപ്പിച്ച് നിർത്തുന്ന സുപ്രധാന മൂലകല്ല് യേശുക്രിസ്തുവാണ്. നാം അംഗീകരിച്ചാലും ഇല്ലെങ്കിലും എല്ലാ ക്രിസ്തീയ വിശ്വാസികളും ദൈവഗൃഹത്തിലെ പരസ്പരം കൂട്ടിച്ചേർക്കപ്പെട്ട കല്ലുകളാണ്. സഭയെക്കുറിച്ച് കർത്താവ് ആദ്യമായി പരാമർശിക്കുമ്പോൾ അതിനെ കെട്ടിടത്തോടാണ് സാമ്യപ്പെടുത്തിയത്. ഞാൻ എന്റെ സഭയെ പണിയും (മത്തായി 16:18). ശലോമോൻ ആലയം പണിതപ്പോൾ അവന്റെ പണിക്കാർ വെട്ടുകുഴിയിൽ വച്ച് തന്നെ പ്ലാൻ അനുസരിച്ച് പാകമാക്കിയ കല്ലുകൊണ്ടായിരുന്നു പണിതത്. നാം എല്ലാവരും വചനത്തിൽ നൽകിയിരിക്കുന്ന വ്യക്തമായ പ്ലാൻ അനുസരിച്ച് മാത്രം പ്രവർത്തിക്കുമെങ്കിൽ ഭിന്നതകൂടാതെ ദൈവമഹത്വത്തിനായി ദൈവസഭയുടെ നിർമ്മിതിയിൽ ഒന്നിച്ച് വ്യാപൃതരാകുവാൻ നമുക്ക് കഴിയും.

മൂന്നാമതായി പത്രൊസ് പഠിപ്പിക്കുന്നത്, നാം ഒരേ ആലയത്തിലെ പുരോഹിതന്മാരാണ് (2:5-9).ഇത് നമ്മുടെ കർത്താവിന്റെ സ്വർഗ്ഗീയ പൗരോഹിത്വത്തിന്റെ തുടർച്ചയാണ്. പഴയനിയമ കാലത്ത് ദൈവജനത്തിന് ഒരു പൗരോഹിത്യം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ദൈവജനം തന്നെയാണ് ആ പൗരോഹിത്യവർഗ്ഗം. ഓരോ വിശ്വാസിയും ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലുന്നത് ഭൂമിയിലുള്ള ഏതെങ്കിലും വ്യക്തിയിലൂടെയല്ല, പ്രത്യുത ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിലൂടെ മാത്രമാണ്. അവൻ നമുക്കായി പക്ഷവാദം ചെയ്യുവാൻ മഹത്വത്തിൽ ജീവിക്കുന്നതുകൊണ്ട് നമുക്ക് വിശുദ്ധ പുരോഹിതന്മാരായി ശുശ്രൂഷിക്കുവാൻ ഇന്നു കഴിയും. ദൈവത്തിന്റെ പുരോഹിതന്മാർ എന്ന നിലയിൽ ലോകത്തിൽ വേർപാട് കാത്ത് സൂക്ഷിക്കേണ്ടത് നമ്മുടെ പ്രധാന കർത്തവ്യമാണ്.

നാലാമതായി 2:9,10 വാക്യങ്ങളിലൂടെ പത്രൊസ് നമ്മെ ഓർമ്മിപ്പിക്കുന്നത് നാം ഒരേ രാഷ്ട്രത്തിലെ പൗരന്മാരാണ് എന്നതാണ്. നാം തെരെഞ്ഞെടുക്കപ്പെട്ട ജാതിയാണ്. ദൈവകൃപയെയാണ് അത് സൂചിപ്പിക്കുന്നത്. ഒരു വലിയ ജാതിയായതുകൊണ്ടല്ല യിസ്രയേലിനെ ദൈവം തെരെഞ്ഞെടുത്തത്, മറിച്ച് അവരെ സ്നേഹിച്ചതുകൊണ്ടാണ്. ദൈവം നമ്മേയും തെരെഞ്ഞെടുത്തത് തികച്ചും തന്റെ സ്നേഹവും കൃപയും കൊണ്ടു മാത്രമാണ്. നിങ്ങൾ എന്നെ തെരെഞ്ഞെടുത്തതല്ല, ഞാൻ നിങ്ങളെ തിരെഞ്ഞെടുത്തതാണ് (യോഹ.15:16). ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചതോടെ ദൈവജനത്തിന്റെ ഭാഗമായി നാം മാറി.

ഈ പദവികളെല്ലാം ഒരു വലിയ ഉത്തരവാദിത്വം നമ്മെ ഭരമേൽപ്പിക്കുന്നു. നഷ്ടപ്പെട്ട ലോകത്തിൽ ദൈവത്തിന്റെ സൽഗുണങ്ങളെ ഘോഷിക്കുവാൻ ദൈവമക്കൾ വ്യത്യസ്തരായിരിക്കുമ്പോഴും ഒന്നിച്ച് നീങ്ങാൻ കഴിയും. ദൈവം നമ്മെ വിവിധ ശുശ്രൂഷകൾക്കായി, വിവിധ നിലകളിൽ നിയോഗിച്ചേക്കാം. എങ്കിലും പരസ്പരം സ്നേഹിക്കുവാനും ലോകത്തിന്റെ മുമ്പാകെ ഒന്നിച്ചൊരു സാക്ഷ്യം വഹിക്കുവാനും നാം പരിശ്രമിക്കേണ്ടതാണ്. എല്ലാറ്റിലുമുപരി നാമെല്ലാവരും സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂടേണ്ടവരാണ്. പരസ്പര സ്നേഹത്തോടെയും ഐക്യത്തോടെയും കർത്താവിനുവേണ്ടി ജീവിക്കുവാനും പ്രവർത്തിക്കുവാനും നമുക്ക് ശ്രമിക്കാം.

**പാസ്റ്റർ എം. സാമുവൽകുട്ടി**

## ജനറൽ കൺവൻഷൻ സമാപിച്ചു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ത്തു. മുപ്പതോളം സുവിശേഷകർ കുടുംബമായി യോഗത്തിൽ പങ്കെടുത്തു.

മാർച്ച് 5 ശനിയാഴ്ച രാവിലെ 10.30 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 8-ാ മത് ബിരുദദാന സമ്മേളനം നടന്നു. ഡോ. ജോൺ ജോസഫ് മുഖ്യസന്ദേശം നൽകി. 15 യുവതീയുവാക്കൾ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയിൽ നിന്നും ബിരുദം ഏറ്റു വാങ്ങി.

ഉച്ചയ്ക്ക് ശേഷം നടന്ന പുത്രികാസംഘടനകളുടെ വാർഷിക മീറ്റിംഗിൽ എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ വിനോദ് കെ. അദ്ധ്യക്ഷനായിരുന്നു. വിവിധ സഭകളിൽ നിന്നുള്ള പ്രോഗ്രാമുകൾ ഈ മീറ്റിംഗിന്റെ മാറ്റു കൂട്ടി.

ഞായറാഴ്ച രാവിലെ 8.30 ന് സ്നാനത്തിന്റെ ക്ലാസ്സ് പാസ്റ്റർ സുമേഷ് പി. ലാസർ നയിച്ചു. 9 മണിക്ക് കർത്തൃദാസൻ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കൈകീഴിൽ 11 പേർ സ്നാനമേറ്റ് ക്രിസ്തുവിനോടു ചേർന്നു. രാവിലെ 10.30 ന് ഐക്യ ആരാധന ആരംഭിച്ചു. പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷനായിരുന്ന മീറ്റിംഗിൽ പാസ്റ്റർ ബെൻസി ജോർജ് സങ്കീർത്തനം വായിക്കുകയും പാസ്റ്റർ ജോയി ജോസഫ് (മാഞ്ഞാലി) സങ്കീർത്തനത്തിൽ നിന്നും പ്രബോധനവും നടത്തി. തുടർന്ന് വചന ശുശ്രൂഷ ഇവാ. സാംസൺ സാമുവൽ, പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവർ നിർവ്വഹിച്ചു. പ്രസംഗാനന്തരം 7 കുഞ്ഞുങ്ങളുടെ പ്രതിഷ്ഠാ ശുശ്രൂഷയും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയും പാസ്റ്റർ എം. സാമുവൽകുട്ടി നടത്തി. തുടർന്ന് നടന്ന സ്നേഹവിരുന്നോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിച്ചു. ഫെയ്ത്ത് സീയോൻ സിംഗേഴ്സും, ഫെയ്ത്ത് ബാന്റും ഈ ദിനങ്ങളിൽ ഗാനങ്ങളാലപിച്ചു.

## സകലത്തേയും പുതുതാക്കുന്നത് ദൈവം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ഇന്ത്യയിലെ ക്രൈസ്തവർ നേരിട്ടുകൊണ്ടിരിക്കുന്ന പീഢനങ്ങളെക്കുറിച്ചും, പീഢനങ്ങളെ അതിജീവിച്ച് നിവർന്ന് വിശാലത പ്രാപിച്ച ദൈവസഭയെക്കുറിച്ചും അദ്ദേഹം പരാമർശങ്ങൾ നടത്തി. ദൈവത്തിൽ നിന്നും അകന്നു പോയ, പഴയതായ, മനുഷ്യർ അൽപബുദ്ധികളും, അജ്ഞാനികളും, ഹൃദയകാഠിന്യമുള്ളവരും, ജീവനിൽ നിന്ന് അകന്നവരുമായി മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ദൈവം മനുഷ്യന് പുതിയഹൃദയവും, പുതിയ ലക്ഷ്യവും നൽകി ജീവന്റെ സമൃദ്ധിയിലേക്ക് മടക്കി വരുത്തുവാനാഗ്രഹിക്കുന്നുവെന്ന് പാസ്റ്റർ. എം. സാമുവൽകുട്ടി പ്രസ്താവിച്ചു.


ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

*വിജയകരമായ പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നു*

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം

യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ

പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ

അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2016 ജൂൺ ആദ്യവാരം ആരംഭിക്കുന്നു.
പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും
കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com



എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ബിരുദദാനം - കൺവൻഷൻ ദൃശ്യജാലകം




ക്രിസ്തുവിനായ് മുന്നോട്ട് ... ബിരുദധാരികളും അതിഥികളും വേദിയിലേക്ക്




വചനപ്രഘോഷണം..... പാസ്റ്റർ അജി ആന്റണി കൺവൻഷനിൽ പ്രസംഗിക്കുന്നു



ചാരിതാർത്ഥ്യത്തോടെ.... കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ സന്ദേശം




തിരുവെഴുത്തുകളുടെ പ്രതിധ്വനി...... ഇവാ. ജോൺ ശാമുവേൽ മണക്കാല കൺവൻഷനിൽ പ്രസംഗിക്കുന്നു




സംതൃപ്തിയോടെ.....പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷ പ്രസംഗം




വചനത്തിന്റെ ഉദ്ഘോഷണം .. പാസ്റ്റർ എബിഏബ്രഹാം പത്തനാപുരം കൺവൻഷനിൽ പ്രസംഗിക്കുന്നു



മികവിന്റെ അംഗീകാരം... പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടീഫിക്കേറ്റുകൾ നൽകുന്നു




തിരുവചനത്തിന്റ പ്രബോധനം .. സുവി.സാംസൺ സാമുവൽ സംയുക്താരധനയിൽ പ്രസംഗിക്കുന്നു. പരിഭാഷ - പാസ്റ്റർ മനോജ് തമ്പി



അസുലഭ നിമിഷം... ഗ്രാജുവേഷൻ സപ്ളിമെന്റ് പാസ്റ്റർ പി.ഡി. രാജനു നൽകി ഡയറക്ടർ പ്രകാശനം ചെയ്യുന്നു




സദസിന്റെ ഒരു ദൃശ്യം

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th April 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 8-ാമത് ബിരുദദാനം നടന്നു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ബിരുധദാരികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. വാലിഡിക്റ്ററി സന്ദേശം ബ്രദർ സന്തോഷ് റ്റിഗ അറിയിച്ചു. ബിരുദദാന സമ്മേളനത്തോടനുബന്ധിച്ച് തയ്യാറാക്കിയ സപ്ലിമെന്റിന്റെ പ്രഥമ കോപ്പി പാസ്റ്റർ എം. സാമുവൽകുട്ടി പാസ്റ്റർ പി.ഡി. രാജന് നൽകി പ്രകാശനം ചെയ്തു. ഐ.സി. എം. ഗവേണിംഗ് ബോഡിയെ പ്രതിനിധീകരിച്ച് സുവി. സാംസൺ സാമുവലും ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചുകളെ പ്രതിനിധീകരിച്ച് പാസ്റ്റർ ബിനു ജോണും (ഡൽഹി) ബിരുദധാരികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അധ്യാപകനായ പാസ്റ്റർ സ്റ്റാൻലി വർഗ്ഗീസ് കൃതജ്ഞത പറഞ്ഞു. കോളജ് വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്. കോഴ്സുകളെക്കുറിച്ചുള്ള വിശദീകരണം നടത്തി. പാസ്റ്റർ എബി ജോർജ് സമാപന പ്രാർത്ഥന നടത്തി പാസ്റ്റർ എം. സാമുവൽകുട്ടിയുടെ ആശീർവാദത്തോടെ എട്ടാമത് ബിരുദദാന സമ്മേളനം സമാപിച്ചു.

ക്രമീകൃതമായ വേദശാസ്ത്ര വിദ്യാഭ്യാസവും പ്രവൃത്തിപരിചയവും കോർത്തിണക്കി സുവിശേഷവയലിലേക്ക് പരിശുദ്ധാത്മ ദർശനം പ്രാപിച്ച യുവതീയുവാക്കളെ പരിശീലിപ്പിച്ചയക്കുന്ന ഈ സ്ഥാപനം പതിനൊന്നാമത് പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുന്നു. കഴിഞ്ഞ എട്ട് ഗ്രാജുവേഷനുകളിലൂടെ 116 സുവിശേഷകരെ വാർത്തെടുക്കുവാൻ കോളജിനു കഴിഞ്ഞു. അടുത്ത അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.

## സുവിശേഷക സംഗമം നടന്നു




ശുശ്രൂഷക സമ്മേളനത്തിൽ പാസ്റ്റർ പോൾ സ്റ്റീഫൻ ക്ലാസ്സെടുക്കുന്നു.

**അടൂർ**. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 22-ാമത് ജനറൽ കൺവൻഷനിൽ സുവിശേഷകൻമാർക്കായി വെള്ളിയാഴ്ച രാവിലെ 10.30 മണിമുതൽ 1 മണിവരെ പ്രത്യേക സമ്മേളനം നടത്തപ്പെട്ടു. പാസ്റ്റർ. സാം വില്യം അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാസ്റ്റർ. പോൾസൺ സ്റ്റീഫൻ (എറണാകുളം) സുവിശേഷകൻമാരും സുവിശേഷവേലയും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. നെഹമ്യാവ്: 4:19 എന്ന വേദഭാഗത്തെ കേന്ദ്രീകരിച്ച് സുവിശേഷ വേല വലിയതും വിശാലവുമാണെന്നും, പരസ്പരം ചിതറിയിരിക്കുന്ന സുവിശേഷകൻമാർ സുവിശേഷവേലയ്ക്ക് വെല്ലുവിളിയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. പ്രായോഗികതയിലെ അപര്യാപ്തതകൾക്ക് മാറ്റമുണ്ടാകുവാൻ ദൈവത്തിന്റെ പ്രവർത്തന പദ്ധതിയിൽ സുവിശേഷകൻമാർ പങ്ക് ചേരുവാൻ അദ്ദേഹം നിർദ്ദേശം നൽകി. ആത്മഭാരമുള്ളവരുടെ ജീവിതഭാരവും പാപഭാരവും ദൈവം നീക്കുമെന്നും, സുവിശേഷീകരണത്തിൽ സഭയ്ക്ക് ഒരു നിയോഗമുണ്ടെന്നും, സഭയ്ക്ക് വിളിയുണ്ടെന്നും, അതിനായി സഭയ്ക്ക് സമർപ്പണമാവശ്യമാണെന്നും പാസ്റ്റർ. പോൾസൺ സ്റ്റീഫൻ പ്രസ്താവിച്ചു. സഭാ ശുശ്രൂഷകന്മാരും അവരുടെ ഭാര്യമാരും ബൈബിൾ കോളജ് വിദ്യാർത്ഥികളും ഉൾപ്പെടെ ഏകദേശം 30-ൽ പരം സുവിശേഷകൻമാർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

ഉറവ

## വേട്ടമലയിലെ മധുര ഗാനങ്ങൾ



ഇവാ. ജോൺ സാമുവൽ
മണക്കാല

അനുഭവഗീതികളുടെ ആയുസ്സിന് അതിർവരമ്പുകളിടുക അസാദ്ധ്യമാണ്. തലമുറകൾ പലത് കാലയവനികയ്ക്കുള്ളിൽ പോയി മറഞ്ഞാലും കാലങ്ങളോളം ഇത്തരം ഗാനങ്ങളുടെ പ്രകാശം തെളിഞ്ഞു നിൽക്കും.

വേട്ടമല ഫിലിപ്പോസ് ഉപദേശി രചിച്ച ഓരോ പാട്ടിന്റെയും പിന്നിൽ അവിസ്മരണീയവും ഹൃദയസ്പർശകവുമായ സന്ദർഭങ്ങൾ ഉണ്ട്.

ഈ ലക്കത്തിൽ അദ്ദേഹത്തിന്റെ പ്രസിദ്ധമായ അനേകഗാനങ്ങളിൽ മൂന്നെണ്ണം എഴുതാനുണ്ടായ പശ്ചാത്തലം പങ്കുവയ്ക്കുന്നു.

**1. 'വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും'**

ചില വർഷങ്ങൾക്കുമുമ്പ് സ്വദേശമായ കീക്കൊഴുരിൽ നിന്നും ഒരു യോഗത്തിന് പോകുവാൻ യാത്ര ആരംഭിച്ചു. നദി കടന്നു വേണമായിരുന്നു പോകുവാൻ. ആറിന് കുറുകെ പാലമില്ലായിരുന്നു. കാലവർഷത്തിൽ കരകവിഞ്ഞൊഴുകുന്ന ആറ്റിൽ പരിധിയിൽ അധികം ആളുകളെ കയറ്റി കടത്തുകാരൻ തോണി എടുത്തപ്പോൾ ആശങ്കാകുലനായി 'വള്ളം അക്കരെ ചെല്ലുമോ' എന്ന് ദൈവദാസൻ ചോദിച്ചു. ദൈവദാസന്റെ നാവടപ്പിക്കാൻ തോണിക്കാരൻ ശബ്ദം ഉയർത്തി. പക്ഷെ അല്പസമയത്തിനുള്ളിൽ വഞ്ചി ചുഴിയിൽ പെട്ട് മറിഞ്ഞു. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ. ചങ്കുപൊട്ടി ജീവനുവേണ്ടിയുള്ള നിലവിളി കൂട്ടക്കരച്ചിലായി ഉയർന്നു പൊങ്ങി. കരയിൽ ഉണ്ടായിരുന്നവർ വടവും മറ്റും എറിഞ്ഞുകൊടത്ത് എല്ലാവരേയും രക്ഷപ്പെടുത്തി. മരണത്തിൽ നിന്നും തലമുടിനാരിഴയ്ക്കു രക്ഷപ്പെട്ട് കരയിലെത്തിയ ദൈവദാസൻ ആ ആറിന്റെ കരയിലിരുന്ന് പാടിയ വരികളാണ്:

'ഈ വാരിധിയിൽ വൻതിരയിൽ തള്ളലേറ്റ് ഞാൻ
മുങ്ങിടാതെ പ്രിയൻ എന്റെ ബോട്ടിലുണ്ടല്ലോ'

പ്രസിദ്ധമായ ഈ പാട്ടിന്റെ ആദ്യം കുറിക്കപ്പെട്ട ചരണങ്ങളും ഇവ തന്നെയാണ്.

**2. 'എൻ പ്രിയ രക്ഷകൻ നീതിയിൻ സൂര്യനായ് '**

ഉതിമൂട് എൽ. പി. സ്കൂളിൽ വച്ച് നടന്ന ഒരു കൺവൻഷനിൽ പുഞ്ചമണ്ണിൽ മാമൻ ഉപദേശി മുഖ്യപ്രസംഗകനായിരുന്നു. പ്രസംഗത്തിന്റെ അവസാനം സാക്ഷ്യത്തിനായി ആളുകൾക്ക് സമയം കൊടുത്തപ്പോൾ ഫിലിപ്പോസ് ഉപദേശിയും സാക്ഷ്യം പ്രസ്താവിക്കാൻ എഴുന്നേറ്റു. അപ്പോൾ മാമൻ ഉപദേശി ഇപ്രകാരം പറഞ്ഞു; പുള്ളിപുലിയുടെ പുള്ളിയും കൂശ്യന്റെ നിറവും മാറ്റിയാലും മാറില്ല. തന്റെ നിറത്തെ പരിഹാസ്യമായി പൊതുവേദിയിൽ പറഞ്ഞതുകേട്ട് എഴുന്നേറ്റ് നിന്ന് ഇപ്രകാരം പാടി

'നീതിസൂര്യൻ വരുമ്പോൾ തൻപ്രഭയിൻ കാന്തിയാൽ
എൻ ഇരുൾ നിറം മാറിടുമന്ന്'

ലോകമെമ്പാടുമുള്ള മലയാളികൾ പാടിപാടി പ്രസിദ്ധിയാർജ്ജിച്ച ആ ഗാനം അങ്ങനെയാണ് ഉടലെടുത്തത്.

**3. ക്രിസ്ത്യജീവിതം പോൽ ഭാഗ്യം പാരിലെന്തുള്ളൂ.**

കൃഷിയോട് വളരെ താല്പര്യമുള്ള ആളായിരുന്നു വേട്ടമല ഉപദേശി. സ്വന്തമായി ഉണ്ടായിരുന്ന 25 സെന്റ് ഭൂമിയിൽ കുരുമുളകും കാപ്പിയുമടക്കം നിറയെ കൃഷിയുണ്ടായിരുന്നു. ഒരു നാൾ അദ്ദേഹം ഒരു കൺവൻഷന് പോയ സമയത്ത് തന്റെ ഭാര്യാസഹോദരന്റെ പുത്രനും മുത്തമകളുമായി എന്തോ പ്രശ്നമുണ്ടാകുകയും അതേ തുടർന്ന് ഭാര്യാസഹോദരൻ കോപിഷ്ഠനായി ഉപദേശിയുടെ കൃഷി മുഴുവനും നശിപ്പിക്കുകയും ചെയ്തു. തിരികെ എത്തി കാര്യം തിരക്കി. കൃഷി നശിപ്പിക്കുക മാത്രമല്ല അസഭ്യ വാക്കുകളും പറഞ്ഞതറിഞ്ഞു. അതിൽ മനംനൊന്ത് തന്റെ ഡയറിയിൽ ഇപ്രകാരം എഴുതി.

'പരിഹാസം ചോല്ലി ശത്രു നേർക്കുവരുമ്പോൾ
സ്ത്രോത്രം പാടി ആശ്വസിപ്പാൻ ശക്തി നൽകുന്ന
ക്രിസ്ത്യ ജീവിതം പോൽ ഭാഗ്യം പാരിലെന്തുള്ളു.'

ലോകം മുഴുവനുള്ള ദൈവമക്കൾ പാടി ആത്മാവിൽ ആരാധിക്കുന്ന ആ ഗാനപിറവി ദൈവമക്കളുടെ ഇടയിൽ വൻ ചലനം തന്നെ സൃഷ്ടിച്ചു.

മരണമില്ലാത്ത വേട്ടമലഗാനങ്ങൾ മാലോകരുടെ മനസ്സിന് ആത്മനിർവൃതിയുണ്ടാക്കുന്നു. വർത്തമാനകാലത്തും വേദികളിൽ വെള്ളിവെളിച്ചം വിതറുന്ന ഗാനങ്ങളുടെ രചയിതാവിനെ ഇമ്പങ്ങളുടെ പറുദീസയിൽ നേരിൽ കാണാം എന്ന ശുഭപ്രതീക്ഷയോടെ ഭാഗ്യകരമായ ക്രിസ്തീയ ജീവിതം നമുക്ക് തുടരാം.

**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |

**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*